5
2022
ജൂൺ
ഞായർ
ഇടവം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-4, Issue No. 18 Page 4, Price: Rs. 2 പുസ്തകം-4 ലക്കം-18 പേജ് 4. വില 2.00 രൂപ








02 ലോക പരിസ്ഥിതിദിനാചരണം നടുക 43 ലക്ഷം വൃക്ഷത്തൈകൾ

03 ലോക പരിസ്ഥിതി: നാടാകെ നവകേരളം പച്ചത്തുരുത്തുകൾ

04 പീഡനപരാതിയിൽ മൊഴിയെടുക്കാൻ എത്തിയതിനു പിന്നാലെ പെൺകുട്ടി ജീവനൊടുക്കി


# വീണ്ടും കോവിഡ് കുതിച്ചുയരുന്നു

## ഇന്ന് നാല് മരണം



തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും കോവിഡ് കുതിച്ചുയരുന്നു. ഇന്ന് 1,544 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 13,558 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 11.39 ശതമാനമാണ്.

ഇന്ന് നാല് മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. നാല് ദിവസത്തിനിടെ 43 മരണം സ്ഥിരീകരിച്ചു. തുടർച്ചയായ അഞ്ചാം ദിവസമാണ് ആയിരത്തിലേറെ പേർക്ക് രോഗം കണ്ടെത്തുന്നത്. എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിലാണ് കോവിഡ് കേസുകൾ വർധിക്കുന്നത്.

# അദാനി ഫൗണ്ടേഷൻെറ നേതൃത്വത്തിൽ മിയോവാക്കി വനരൂപീകരണത്തിന് തുടക്കമായി



വിഴിഞ്ഞം: അദാനി വിഴിഞ്ഞം തുറമുഖത്തിന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി അദാനി ഫൗണ്ടേഷൻ ഒരു മാതൃകാ മിയോവാക്കി വനം രൂപപ്പെടുത്തി. ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി അദാനി തുറമുഖ കമ്പനി സി.ഇ.ഒ ശ്രീ.രാജേഷ് കുമാർ ഝാ മിയോവാക്കി വനം ഉദ്ഘാടനം ചെയ്തു.

പൊതു ജനങ്ങൾക്ക് ജൈവകൃഷി രീതികൾ പരിശീലിപ്പിക്കാൻ അദാനി ഫൗണ്ടേഷൻ നടപ്പിലാക്കി വരുന്ന ഫാം സ്കൂൾ കോമ്പൗണ്ടിലെ 3 സെൻറ് സ്ഥലത്താണ് ഒരു മാതൃക മിയോവാക്കി വനം രൂപപ്പെടുത്തിയത്.

കേരളത്തിലെ ജനസാന്ദ്രതയും സ്ഥലപരിമിതിയും പരിഗണിച്ച് മിയോവാക്കി വനങ്ങൾ ഏറ്റവും അനുയോജ്യമാണെന്നും കാർബൺ ബാഗിർഗമനം പരമാവധി കുറയ്ക്കാൻ ഈ മാതൃക സഹായകമാകുമെന്നും സാധ്യമാകുന്നവർ ഈ മാതൃക പിൻ തുടരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തുറമുഖ നിർമ്മാണ കമ്പനി പ്രോജക്ട് ഡയറക്ടർ ശ്രീ. എത്തി രാജൻ രാമചന്ദ്രൻ , കോർപ്പറേറ്റ് വിഭാഗം മേധാവിമാരായ ശ്രീ. സുശീൽ നായർ , ശ്രീ. ജിതേന്ദ്രൻ കിണറ്റിൻകര, എൻവിറോൺമെന്റ് വിഭാഗം മേധാവി ശ്രീ. ഹെബിൻ, ടെക്നോ കോമേഴ്സ്യൽ വിഭാഗം മേധാവി ശ്രീ. വഡ്ഡി വെങ്കിട രമണൻ , സെക്യൂരിറ്റി വിഭാഗം മേധാവി ശ്രീ രോഹിത് നായർ , അദാനി തുറമുഖ കമ്പനി ജീവനക്കാർ, സി.എസ്.ആർ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത ചടങ്ങിൽ കമ്മ്യൂണിറ്റിയിൽ നിന്നുള്ള പ്രതിനിധികളും പങ്കുചേർന്നു.

തുടർന്ന് പരിസ്ഥിതി ദിനാഘോഷങ്ങളുടെ ഭാഗമായി അദാനി തുറമുഖ കമ്പനി ജീവനക്കാർ, അനുബന്ധ കരാർ ജീവനക്കാർ, സി.എസ്.ആർ ടീം, കമ്യൂണിറ്റി പ്രതിനിധികൾ എന്നിവർ ചേർന്ന് തുറമുഖ നിർമ്മാണ മേഖല മുഴുവനും ശുചീകരിച്ചു. കൂടാതെ നിർമ്മാണമേഖലയ്ക്ക് സമീപമുള്ള കടൽ പ്രദേശവും പ്ലാസ്റ്റിക് വിമുക്തമാക്കി.

അദാനി തുറമുഖ കമ്പനി വിഴിഞ്ഞം പ്രദേശത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യ പ്രതിബദ്ധത പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് കമ്മ്യൂണിറ്റി പ്രതിനിധിയായ ശ്രീ. അഡോൾഫ് ജെറോം അഭിപ്രായപ്പെട്ടു.

കടൽ പ്ലാസ്റ്റിക്ക് വിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ വരുന്ന ഒരു മാസത്തേക്ക് തുടരുമെന്നും ഫാം സ്ക്കുൾ വഴി കൂടുതൽ പേർക്ക് ജൈവ കാർഷിക പരിശീലനം നൽകുമെന്നും അദാനി തുറമുഖ കമ്പനി പ്രതിനിധികൾ അറിയിച്ചു.

# സംരക്ഷിത വനമേഖലകളിൽ ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖല നിർബന്ധം

ന്യൂഡൽഹി: സംരക്ഷിത വനങ്ങൾക്ക് ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിർബന്ധമെന്നു സുപ്രീംകോടതി. ഈ മേഖലയിൽ ഒരു തരത്തിലുള്ള വികസനനിർമാണ പ്രവർത്തനങ്ങൾക്കും അനുമതിയില്ല. നിലവിൽ ഈ മേഖലയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ അതാതു സംസ്ഥാനങ്ങളിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതിയോടുകൂടി മാത്രമേ തുടരാൻ കഴിയൂ എന്നും കോടതി വ്യക്തമാക്കി. പുതുതായി ഒരു നിർമാണ പ്രവർത്തനത്തിനും അനുമതി നൽകില്ല.

ദേശീയ പാർക്കുകൾക്കും വന്യജീവി സങ്കേതങ്ങൾക്കും സംരക്ഷിത വനാതിർത്തിയിൽനിന്ന് ഏറ്റവും ചുരുങ്ങിയത് ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖല നിർബന്ധമായും വേണമെന്നാണ് ജസ്റ്റീസുമാരായ എൽ. നാഗേശ്വര റാവു, ബി.ആർ. ഗവായ്, അനിരുദ്ധ ബോസ് എന്നിവർ ഉൾപ്പെട്ട അവധിക്കാല ബെഞ്ച് ഇന്നലെ വ്യക്തമാക്കിയത്. നിലവിൽ ഇത്തരം പ്രദേശങ്ങളിൽ ഒരു കിലോമീറ്ററിൽ അധികം ബഫർ സോൺ ഉണ്ടെങ്കിൽ അതേപടിതന്നെ തുടരണമെന്നും കോടതി വ്യക്തമാക്കി.

ദേശീയ പാർക്കുകളിലും വന്യജീവി സങ്കേതങ്ങളിലും ഖനനം അനുവദിക്കില്ല. പരിസ്ഥിതിലോല മേഖലയ്ക്കുള്ളിൽ ഫാക്ടറികളോ മറ്റു സ്ഥിരം നിർമാണങ്ങളോ അനുവദിക്കില്ലെന്നും സംരക്ഷിത വനമേഖലയുടെ അനുബന്ധ പരിസ്ഥിതലോല പ്രദേശങ്ങളിൽ നിലവിലുള്ള നിർമിതികളെക്കുറിച്ച് മൂന്നു മാസത്തിനകം സംസ്ഥാനങ്ങളിലെ ചീഫ് വൈൽഡ് ലൈഫ് കൺസർവേറ്റർമാർ റിപ്പോർട്ട് നൽകണമെന്നും കോടതി നിർദേശിച്ചു.

റിപ്പോർട്ട് തയാറാക്കുന്നതിനായി സാറ്റലൈറ്റ് ചിത്രീകരണത്തിനും ഡ്രോണുകൾ ഉപയോഗിച്ചു ചിത്രങ്ങൾ എടുക്കുന്നതിനും സംസ്ഥാന സർക്കാരുകളുടെ സഹായം തേടാമെന്നും കോടതി നിർദേശിച്ചു. രാജസ്ഥാനിലെ ജാംവ രാംഗഡ് വന്യജീവി സങ്കേതത്തിൽ നടത്തിയ ഖനനത്തിൻറെ നഷ്ടപരിഹാരം കണക്കാക്കണമെന്നും കേന്ദ്ര ഉന്നതാധികാര സമിതിയോട് കോടതി നിർദേശിച്ചു.

# യുപി ഫാക്ടറി സ്ഫോടനം; മരണം 12 ആയി

ഹാപുർ: ഉത്തർപ്രദേശിൽ ഫാക്ടറിയിലുണ്ടായ സ്ഫോടനത്തിൽ മരണം 12 ആയി. 19 പേർക്ക് പരിക്കേറ്റു. ഇവരിൽ പലരുടേയും നില ഗുരുതരമാണ്. ഹാർപുർ ജില്ലയിലെ ധൗലാനയിൽ വ്യാവസായിക മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറിയിലാണ് പൊട്ടിത്തെറിയുണ്ടായത്.

ഇലക്ട്രോണിക് സാധനങ്ങൾ നിർമിക്കാനുള്ള അനുമതിയാണ് ഫാക്ടറിക്കുണ്ടായിരുന്നത്. എന്നാൽ എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചുവരികയാണെന്ന് ഹാപുർ ഡിഎം മേധാ രൂപം അറിയിച്ചു.

ഫാക്ടറിയിലെ ബോയിലർ പൊട്ടിത്തെറിക്കുകയായിരുന്നു. സംഭവ സമയം നൂറിലധികം തൊഴിലാളികൾ ഫാക്ടറിയിലുണ്ടായിരുന്നു. അപകടം സംബന്ധിച്ച് അന്വേഷിക്കാൻ കമ്മിഷനെ നിയോഗിച്ചിട്ടുണ്ട്. സ്ഫോടനത്തിനു കാരണമായ രാസവസ്തു തിരിച്ചറിയാൻ ഫോറൻസിക് സംഘം പരിശോധന നടത്തുകയാണ്.

# മക്കളെ ബലമായി തള്ളിയിട്ട് അച്ഛനും പുഴയിലേക്ക് ചാടി; 3 മരണം

കൊച്ചി : ആലുവയിൽ അച്ഛനും മക്കളും പുഴയിൽ ചാടി മരിച്ചു. ആലുവ പാലത്തിൽനിന്നാണു മൂന്നു പേരും പെരിയാറിൽ ചാടിയതെന്നു പൊലീസ് പറഞ്ഞു. പാലാരിവട്ടം കളവത്തുപറമ്പ് റോഡിൽ തുരാട്ടുപറമ്പ് വീട്ടിൽ ടി.എച്ച്.ഉല്ലാസ് ഹരിഹരനും (ബേബി) രണ്ട് മക്കളുമാണ് മരിച്ചത്. മകൾ പ്ലസ് വൺ വിദ്യാർഥിനി കൃഷ്ണപ്രിയ, മകൻ ഏഴാം ക്ലാസ് വിദ്യാർഥി ഏകനാഥ് എന്നിവരാണ് മരിച്ച കുട്ടികൾ. പൊലീസും അഗ്നിരക്ഷാസേനയും സ്ഥലത്തെത്തി.

വൈകിട്ട് നാലരയോടെ ശിവരാത്രി മണപ്പുറത്തേക്ക് പോകുന്ന പാലത്തിൽ നിന്നാണ് ചാടിയത്. പുഴയിൽ മീൻ പിടിക്കുന്നവരും മറ്റും ഇവർ ചാടുന്നതു കണ്ടു. ഇവർ തിരച്ചിൽ ആരംഭിക്കുകയും അഗ്നിരക്ഷാ സേനയെ വിവരം അറിയിക്കുകയുമായിരുന്നു. ഉല്ലാസ് ആദ്യം ആൺകുട്ടിയെ പുഴയിലേക്ക് എടുത്തിടുകയായിരുന്നു. ഇതുകണ്ട് കരയുകയായിരുന്ന പെൺകുട്ടിയെയും ബലം പ്രയോഗിച്ച് പുഴയിലേക്ക് എടുത്തിട്ട ശേഷം ഉല്ലാസും ചാടുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. കുട്ടികളുടെ മൃതദേഹങ്ങൾ ആദ്യം കണ്ടെത്തി. 2 മണിക്കൂർ തിരച്ചിലിനൊടുവിലാണ് ഉല്ലാസിന്റെ മൃതദേഹം കണ്ടെടുത്തത്. ഉച്ചയ്ക്ക് കുട്ടികളെ കൂട്ടി ഇടപ്പള്ളി പള്ളിയിൽ പോകുന്നു എന്നു പറഞ്ഞാണ് പോയതെന്ന് ഉല്ലാസിന്റെ ഭാര്യ രാജി പറഞ്ഞതായി പൊലീസ് അറിയിച്ചു. മരണ കാരണം വ്യക്തമല്ലെന്നും അന്വേഷണം നടക്കുകയാണെന്നും പൊലീസ് പറഞ്ഞു.

# മുൻ എംഎൽഎ പ്രയാർ ഗോപാലകൃഷ്ണൻ അന്തരിച്ചു



തിരുവനന്തപുരം : ചടയമംഗലം മുൻ എംഎൽഎ പ്രയാർ ഗോപാലകൃഷ്ണൻ (72) അന്തരിച്ചു. തിരുവനന്തപുരത്തുനിന്ന് കൊല്ലത്തേക്കുള്ള യാത്രയ്ക്കിടെ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. 2001ലാണ് ചടയമംഗലത്തുനിന്ന് നിയമസഭയിലെത്തിയത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റാണ്. മുൻ അധ്യാപിക എസ്.സുധർമ്മയാണു ഭാര്യ. ഡോ. റാണി കൃഷ്ണ, ഡോ. വേണി കൃഷ്ണ, വിഷ്ണു ജി.കൃഷ്ണൻ എന്നിവർ മക്കളാണ്.

കൃഷ്ണൻനായരുടെയും മീനാക്ഷിയമ്മയുടെയും മകനായി 1949ൽ പ്രയാറിൽ ജനനം. കെഎസ്‌യുവിലൂടെ രാഷ്ട്രീയത്തിലേക്കെത്തി. കൊല്ലം എസ്എൻ കോളജ് യൂണിയൻ ചെയർമാനായിരുന്നു. മിൽക്ക് സൊസൈറ്റീസ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റാണ്. 2000 മുതൽ ദീർഘകാലം മിൽമ ചെയർമാനായിരുന്നു. നാഷനൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ അംഗമായും പ്രവർത്തിച്ചു.

നങ്ങ്യാർകുളങ്ങര കോളജിൽ യൂണിയൻ ചെയർമാനായി. ഈ സമയത്ത് അമ്പലപ്പുഴ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഭാഗമായി വിദ്യാർഥികളുടെ സൈക്കിൾ റാലി നങ്ങ്യാർകുളങ്ങരയിൽ സംഘടിപ്പിച്ചതാണു കെഎസ്‌യു ജില്ലാ സെക്രട്ടറി പദവിയിലേക്കു വഴിതുറന്നത്. പശു വളർത്തലും പാൽ വിൽപനയുമായിരുന്നു അച്ഛൻ ആർ.കൃഷ്ണൻ നായരുടെ പ്രധാന തൊഴിൽ.

പഠനകാലത്ത് രാവിലെ ചായക്കടയിൽ പാൽ കൊടുക്കാൻ പോകുന്നത് പ്രയാറിന്റെ ശീലമായിരുന്നു. വളർന്നപ്പോൾ ക്ഷീരമേഖലയായി കർമമണ്ഡലം. കേരള സ്റ്റേറ്റ് മിൽക്ക് സൊസൈറ്റീസ് അസോസിയേഷൻ എന്ന സംഘടനയുണ്ടാക്കി. ഈ സംഘടനയുടെ ബാക്കിപത്രമാണു കേരളത്തിലെ മിൽമ.

## അനുസ്മരിച്ച് രാഷ്ട്രീയകേരളം

**മുഖ്യമന്ത്രി പിണറായി വിജയൻ**

തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും മിൽമയെയും നയിച്ച പ്രയാർ ഗോപാലകൃഷ്ണൻ ദീർഘകാലമായി സഹകരണ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്. അദേഹത്തിന്റെ നിര്യാണത്തിൽ വിഷമിക്കുന്ന എല്ലാവർക്കും അനുശോചനം അറിയിക്കുന്നു.

**എം.ബി.രാജേഷ്**

എംഎൽഎ എന്ന നിലയിലും മിൽമ, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവ നയിച്ച വ്യക്തി എന്ന നിലയിലും കഴിവു തെളിയിച്ച ജനകീയനായ നേതാവായിരുന്നു പ്രയാർ ഗോപാലകൃഷ്ണൻ. കുടുംബത്തിന്റെയും സുഹൃത്തുക്കളുടേയും ദു:ഖത്തിൽ പങ്കു ചേരുന്നു.

**വി.ഡി.സതീശൻ**

പ്രയാർ ഗോപാലകൃഷ്ണന്റെ നിര്യാണം കോൺഗ്രസ് പ്രസ്ഥാനത്തിന് തീരാനഷ്ടമാണ്. രാഷ്ട്രീയ സംശുദ്ധതയിലും സത്യസന്ധതയിലും കണിശത പുലർത്തിയ നേതാവായിരുന്നു അദ്ദേഹം. കേരളത്തിലെ ഏറ്റവും വലിയ സഹകരണ സംഘങ്ങളിൽ ഒന്നായ മിൽമയെ സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമായി വളർത്തിയെടുത്തത് പ്രയാറായിരുന്നു.

മിൽമ എന്ന പേരും മുന്നോക്ക വികസന കോർപറേഷന് സമുന്നതി എന്ന പേരും പ്രയാറിന്റെ സംഭാവനയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് അധ്യക്ഷൻ എന്ന നിലയിലും അദ്ദേഹത്തിന്റെ നിലപാടുകൾ ശ്രദ്ധേയമായിരുന്നു. ചടയമംഗലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ എത്തിയ അദ്ദേഹം മണ്ഡലത്തിന്റെ സമഗ്ര വികസനത്തിൽ അതീവ ശ്രദ്ധ പുലർത്തിയ സാമാജികനായിരുന്നു.

**വി.ശിവൻകുട്ടി**

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും മിൽമയുടെയും നേതൃനിരയിൽ പ്രവർത്തിച്ച പ്രയാർ ഗോപാലകൃഷ്ണൻ മികച്ച സഹകാരിയായിരുന്നു.




# നോർക്കയുടെ നേതൃത്വത്തിൽ നാഷണൽ മൈഗ്രേഷൻ കോൺഫറൻസ് സംഘടിപ്പിക്കും: പി. ശ്രീരാമകൃഷ്ണൻ

## ലോകകേരള സഭ സംഘാടക സമിതി രൂപീകരിച്ചു

വിദേശകാര്യ മന്ത്രാലയത്തിന്റെ സഹകരണത്തോടെ നോർക്കയുടെ നേതൃത്വത്തിൽ കേരളത്തിൽ നാഷണൽ മൈഗ്രേഷൻ കോൺഫറൻസ് സംഘടിപ്പിക്കുമെന്ന് നോർക്ക റെസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. ലോകകേരള സഭ സംഘാടക സമിതി രൂപീകരണവുമായി ബന്ധപ്പെട്ടു വിളിച്ച പ്രവാസി സംഘടനാ നേതാക്കളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നയരൂപീകരണത്തിനും പ്രവാസികളോടുള്ള പ്രതികരണത്തിനും സംസ്ഥാന കേന്ദ്ര സർക്കാരുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യമാണ് കോൺഫറൻസിനുള്ളത്. ഓരോ സംസ്ഥാനങ്ങളിലെയും പ്രവാസികളോടുള്ള പ്രതികരണങ്ങളെക്കുറിച്ചും കേരളത്തിന്റെ പ്രവാസി ക്ഷേമ പദ്ധതികളെക്കുറിച്ചും കോൺഫറൻസ് ചർച്ച ചെയ്യും. ലോകത്തിലെ തന്നെ പ്രവാസ സാന്ദ്രത ഏറിയ സംസ്ഥാനമാണ് കേരളം. മടങ്ങിയെത്തുന്നതും നിലവിലുള്ളതുമായ പ്രവാസികൾക്കും പ്രവാസ ലോകം ആഗ്രഹിക്കുന്നവർക്കും വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ച സംസ്ഥാനമാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു.

ലോകമെമ്പാടുമുള്ള മലയാളികളുടെ എല്ലാ നിലയിലുമുള്ള നൈപുണ്യവും കഴിവുകളും സാധ്യതകളും കേരളത്തിന്റേയും പ്രവാസ സമൂഹത്തിന്റേയും പുരോഗതിക്കു വേണ്ടി സ്വരൂപിക്കുകയാണ് ലോകകേരള സഭ വിഭാവനം ചെയ്യുന്നത്. ജനാധിപത്യത്തിന്റെ പുതിയ വികസിതതലമാണ് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കൊപ്പം ലോകമെമ്പാടുമുള്ള പ്രവാസികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ലോകകേരള സഭയിലൂടെ സാക്ഷാത്ക്കരിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ജൂൺ 16, 17, 18 തീയതികളിൽ നടക്കുന്ന മൂന്നാമത് ലോകകേരളസഭയുടെ സംഘാടക സമിതി രൂപീകരിച്ചു. നോർക്ക റൂട്ട്സ് റെസിഡന്റ് വൈസ് ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ, പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ടി.കുഞ്ഞിമുഹമ്മദ് എന്നിവരാണ് രക്ഷാധികാരികൾ. ചെയർമാനായി പി.വി.സുനീറിനെയും ജനറൽ കൺവീനറായി കെ.സി.സജീവ് തൈക്കാടിനെയും തെരഞ്ഞെടുത്തു.

വൈസ് ചെയർമാൻമാരായി സലീം പള്ളിവിള, മുഹ്സിൻ ബ്രൈറ്റ്, ജോർജ്ജ് എബ്രഹാം, കെ.പി. ഇബ്രാഹീം എന്നിവരെയും ജോയിന്റ് കൺവീനർമാരായി പി.സി.വിനോദ്, മണികണ്ഠൻ, കബീർ സലാല, കെ.പ്രതാപ് കുമാർ എന്നിവരെയും തെരഞ്ഞെടുത്തു. യോഗത്തിൽ പി.ടി.കുഞ്ഞിമുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു.

നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത് കോളശ്ശേരി സംഘാടക സമിതി അംഗങ്ങളുടെ പട്ടിക അവതരിപ്പിച്ചു. സജീവ് തൈക്കാട് സ്വാഗതം പറഞ്ഞു. വിവിധ പ്രവാസി സംഘടനാ നേതാക്കൾ സംസാരിച്ചു. 50 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും 501 അംഗ സംഘാടക സമിതിയെയും തെരഞ്ഞെടുത്തു.




തിരുവനന്തപുരത്ത് നടന്ന നാലാമത് ദേശീയ മാസ്റ്റേഴ്സ് ഗെയിംസിൽ പുരുഷ വിഭാഗം ഫുട്ബോളിൽ 40 വയസിനു മുകളിലുള്ളവരുടെയും 50 വയസിനു മുകളിലുള്ളവരുടെയും വിഭാഗത്തിൽ ചാമ്പ്യൻമാരായ കേരള ടീം

# കോവിഡ് പുതിയ വകഭേദങ്ങളില്ല ആശങ്കപ്പെടേണ്ടതില്ല: മന്ത്രി വീണാ ജോർജ്

## മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകളുടെ ഉന്നതതലയോഗം

സംസ്ഥാനത്ത് കോവിഡ് കേസുകൾ ചെറുതായി ഉയർന്നെങ്കിലും ആശങ്കപ്പെടേണ്ടതില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇപ്പോൾ ബാധിച്ചിരിക്കുന്നത് ഒമിക്രോൺ വകഭേദമാണ്. പരിശോധനകളിൽ മറ്റ് വകഭേദങ്ങൾ കണ്ടെത്തിയിട്ടില്ല. കോവിഡിനോടൊപ്പം ജീവിക്കുക എന്നതാണ് പ്രധാനം. എല്ലാവരും മാസ്ക് നിർബന്ധമായും ധരിക്കുക. കിടപ്പ് രോഗികൾ, വയോജനങ്ങൾ എന്നിവരെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. രണ്ടാം ഡോസ് വാക്സിൻ എടുക്കാനുള്ളവരും പ്രിക്കോഷൻ ഡോസ് എടുക്കാനുള്ളവരും അതെടുക്കേണ്ടതാണ്. ആരോഗ്യ പ്രവർത്തകർ നിർബന്ധമായും പ്രിക്കോഷൻ ഡോസ് എടുക്കണം. വളരെ ശക്തമായ ബോധവത്ക്കരണം നടത്തണമെന്നും മന്ത്രി നിർദേശിച്ചു. മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഉന്നതതല യോഗത്തിലാണ് നിർദേശം നൽകിയത്.

സംസ്ഥാനത്തേയും ജില്ലകളുടേയും കോവിഡ് സ്ഥിതി യോഗം വിലയിരുത്തി. എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിലാണ് കോവിഡ് കേസുകൾ കൂടുതൽ. ആ ജില്ലകൾ പ്രത്യേകം ശ്രദ്ധിക്കണം. രോഗലക്ഷണങ്ങളുള്ളവർ പരിശോധന നടത്തണം. വാക്സിനേഷന്റെ പുരോഗതിയും ചർച്ച ചെയ്തു. കോവിഡ് കുറഞ്ഞതോടെ പലരും രണ്ടാം ഡോസ് വാക്സിനും പ്രിക്കോഷൻ ഡോസും എടുക്കാൻ വിമുഖത കാണിക്കുന്നുണ്ട്. അത് ആപത്തുണ്ടാക്കാം. രണ്ട് ഡോസ് വാക്സിനും പ്രിക്കോഷൻ ഡോസും കൃത്യമായ ഇടവേളകളിൽ എടുത്താൽ മാത്രമേ ഫലം ലഭിക്കൂ. കോവിഡ് മരണം സംഭവിക്കുന്നവരിൽ വാക്സിനെടുക്കാത്തവരുടെയും അനുബന്ധ രോഗങ്ങളുള്ളവരുടേയും എണ്ണം കൂടുതലായി കാണുന്നു എന്നാണ് വിലയിരുത്തൽ. അനുബന്ധ രോഗങ്ങളുള്ളവർക്ക് കോവിഡ് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ഉടൻ തന്നെ കോവിഡ് പരിശോധന നടത്തി ചികിത്സ തേടേണ്ടതാണ്.

18 വയസ് മുതലുള്ള 100 ശതമാനം പേരും ആദ്യ ഡോസ് വാക്സിൻ എടുത്തെങ്കിലും രണ്ടാം ഡോസ് വാക്സിനേഷൻ 88 ശതമാനമാണ്. 22 ശതമാനം പേരാണ് പ്രിക്കോഷൻ ഡോസ് എടുത്തത്. 15 മുതൽ 17 വയസുവരെയുള്ള 83 ശതമാനം കുട്ടികൾക്ക് ആദ്യ ഡോസും 55 ശതമാനം കുട്ടികൾക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. 12 മുതൽ 14 വയസുവരെയുള്ള 54 ശതമാനം കുട്ടികൾക്ക് ആദ്യ ഡോസ് വാക്സിനും 15 ശതമാനം കുട്ടികൾക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. പ്രദേശികമായി വാക്സിൻ എടുക്കാത്തവരുടെ കണക്ക് ശേഖരിക്കാനും വാക്സിൻ എടുക്കുന്നു എന്നുറപ്പാക്കാനും ഫീൽഡ് വർക്കർമാരെ ചുമതലപ്പെടുത്തും.

എല്ലാ കുട്ടികൾക്കും വാക്സിൻ ഉറപ്പാക്കും. സ്കൂൾ തുറന്ന സാഹചര്യത്തിൽ എല്ലാ കുട്ടികൾക്കും വാക്സിനെടുക്കാനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുന്നതാണ്. പകർച്ചവ്യാധികൾക്കെതിരേയും പ്രത്യേകിച്ച് നിപ വൈറസിനെതിരേയും പേ വിഷബാധയ്ക്കെതിരേയും ജാഗ്രത വേണമെന്നും മന്ത്രി വ്യക്തമാക്കി. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവയലൻസ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

# ലോക പരിസ്ഥിതിദിനാചരണം സംസ്ഥാനത്ത് നടുക 43 ലക്ഷം വൃക്ഷത്തൈകൾ

ലോക പരിസ്ഥിതി ദിനാചരണ പരിപാടികളുടെയും വൃക്ഷസമൃദ്ധി പദ്ധതി തൈനടീലിനിന്റേയും സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ 10 മണിക്ക് കണ്ണൂർ പിണറായി കൺവെൻഷൻ സെന്ററിൽ നിർവഹിക്കും.

വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കി വനേതര പ്രദേശത്തെ വനവൽക്കരണം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണവകുപ്പിന്റെയും തൊഴിലുറുപ്പ് പദ്ധതിയുടെയും സഹകരണത്തോടെ വനംവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധി. ഈ വർഷം നടുന്നതിന് വിവിധ പഞ്ചായത്തുകളുടെ കീഴിൽ 832 നഴ്സറികളിലായി 43 ലക്ഷം തൈകളാണ് ഉദ്പാദിപ്പിച്ചിട്ടുള്ളത്. വനേതര പ്രദേശത്തെ ഊർജ്ജിത വൃക്ഷവൽക്കരണത്തിന് പുറമേ കാർബൺ സ്വാംശീകരണത്തോത് 50 ശതമാനത്തോളമാക്കുക, ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ലഘൂകരണം, വൃക്ഷത്തൈ ഉൽപാദനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കൽ , വൃക്ഷത്തൈകളുടെ അതിജീവനം ഉറപ്പാക്കൽ, പ്രാദേശിക ജനവിഭാഗങ്ങളുടെ ജീവനോപാധികളുടെ മെച്ചപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങളും പദ്ധതിയ്ക്കുണ്ട്. തൈകൾ നട്ട് മൂന്ന് മുതൽ അഞ്ച് വർഷം തുടർപരിപാലനം ഉറപ്പാക്കുമ്പോൾ പ്രതിവർഷം 78 ലക്ഷം തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തും. എം പി മാരായ കെ.സുധാകരൻ, കെ. മുരളീധരൻ, ഡോ വി. ശിവദാസൻ, ജോൺ ബ്രിട്ടാസ്, പി.സന്തോഷ് കുമാർ, എം എൽ എ മാരായ കെ.കെ ശൈലജ ടീച്ചർ, രാമചന്ദ്രൻ കടന്നപ്പള്ളി,അഡ്വ. സണ്ണി ജോസഫ് , കെ.പി മോഹനൻ,എ. എൻ ഷംസീർ,കെ.വി സുമേഷ്,സജീവ് ജോസഫ്,എം. വിജിൻ, ടി.ഐ മധുസൂദനൻ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ, എൽ എസ് ജി ഡി അഡീ. സെക്രട്ടറി ശാരദാ മുരളീധരൻ, വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, മുഖ്യ വനം മേധാവി ബെന്നിച്ചൻ തോമസ്, പിസിസിഎഫ് നോയൽ തോമസ്, എപിസിസിഎഫുമാരായ ഇ. പ്രദീപ് കുമാർ, ഡോ. പി. പുകഴേന്തി,തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അബ്ദുന്നാസർ ബി തുടങ്ങിയവർ പങ്കെടുക്കും.

# പേപ്പർ ഒഴിവാകുന്നു; സർക്കാർ ഓഫിസുകളിൽ പണമടയ്ക്കാൻ ഇനി ഇ ട്രഷറി

സംസ്ഥാനത്തെ സർക്കാർ ഓഫിസുകളിൽ പണമടയ്ക്കുന്നതിന് ഇനി eT-R5 സംവിധാനം. നേരത്തേ ഉപയോഗിച്ചിരുന്ന പേപ്പർ ഫോം 5നു പകരമായാണിത്. പൊതുജനങ്ങൾക്കു സർക്കാർ ഓഫിസുകളിൽ വേഗത്തിൽ സാമ്പത്തിക ഇടപാടുകൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണു പുതിയ സംവിധാനം ഏർപ്പെടുത്തിയത്.

ജൂൺ ഒന്നു മുതൽ eT-R5 സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ജൂൺ 15 വരെ താലൂക്ക് തലം വരെയുള്ള ഓഫിസുകളിലും 30 വരെ മറ്റെല്ലാ ഓഫിസുകളിലും സമാന്തര സംവിധാനമായി ആരംഭിച്ചിട്ടുള്ള ഫോം5 ജൂലൈ ഒന്നു മുതൽ പൂർണ തോതിൽ പ്രാബല്യത്തിലാകും. അതോടെ പേപ്പറിലുള്ള **T-R5** പൂർണമായി ഒഴിവാകും.

സംസ്ഥാന സർക്കാരിലേക്കുള്ള വരവുകൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കുന്നതിനായി രൂപം നൽകിയ ഇ ട്രഷറിയിൽ പുതുതായി രൂപകൽപ്പന ചെയ്ത ter5t.reasury.kerala.gov.in മൊഡ്യൂൾ വഴിയാണ് ഫോം5 സംവിധാനം പ്രവർത്തിക്കുന്നത്. സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ സൂക്ഷിക്കുന്ന സ്പാർക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാർക്കു മാത്രമേ ഫോം5 വഴി തുക സ്വീകരിക്കാൻ കഴിയൂ. ഒരു ഓഫിസിൽ ഒടുക്കേണ്ട തുക ആ ഓഫിസിലെ ഏതൊരു ജീവനക്കാരനും ഇന്റർനെറ്റ് സേവനമുള്ള കംപ്യൂട്ടർ മുഖേനയോ മൊബൈലിലൂടെയോ സ്വീകരിക്കാം. തുക അടച്ച വിവരം ഉടൻ തുക ഒടുക്കുന്നയാളുടെ മൊബൈലിൽ ലഭിക്കുകയും ചെയ്യും. ഓഫിസിൽ സ്വീകരിക്കുന്ന തുകയെക്കുറിച്ചുള്ള വിവരങ്ങൾ ഏതു സമയവും മേലധികാരികൾക്കു പരിശോധിക്കാനാകുമെന്നതും പുതിയ സംവിധാനത്തിന്റെ പ്രത്യേകതയാണ്.

ഫീൽഡ് ഓഫിസർമാർക്ക് മൊബൈലിലൂടെ എവിടെ നിന്നും തുക സ്വീകരിക്കാൻ സാധിക്കും. പുതിയ സംവിധാനം സംബന്ധിച്ച പരിശീലനം ട്രഷറി വകുപ്പ് മറ്റു വകുപ്പുകളിലെ മാസ്റ്റർ ട്രെയിനർമാർക്കു നൽകിക്കഴിഞ്ഞു. ഇവർ അതതു വകുപ്പുകളിലെ മറ്റ് ഓഫിസർമാർക്കു പരിശീലനം നൽകും.

ഫോം5 നടപ്പാക്കുന്നതോടെ സംസ്ഥാനത്തെ സർക്കാർ ഓഫിസുകളിലെ പണമിടപാട് സുതാര്യമാകും. അടച്ച തുക എത്രയെന്ന് അറിയാൻ ഇടപാടുകാരനു കഴിയും. ഓഫിസിൽ അന്നതു ലഭിക്കുന്ന തുക ഉടൻ സർക്കാർ ശീർഷകത്തിലേക്കു വരവുവയ്ക്കപ്പെടുകയും ഇടപാടിന്റെ റീകൺസിലിയേഷൻ അതതു ദിവസംതന്നെ പൂർത്തിയാക്കപ്പെടുകയും ചെയ്യും.

# ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒഴിവുള്ള സീനിയർ മെഡിക്കൽ ഓഫീസർ, മെഡിക്കൽ ഓഫീസർ തസ്തികകളിൽ ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന അപേക്ഷ ക്ഷണിച്ചു.

സീനിയർ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയൽ നിന്നും നേടിയ ഹോമിയോപ്പതി ഡിഗ്രി അഥവാ കേരളത്തിലെ സർവകലാശാലകളോ കേരളാ ഗവൺമെന്റോ തത്തുല്യമായി അംഗീകരിച്ചതോ അഥവാ 1973ലെ ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്ടിലെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തത്തുല്യമായ മറ്റേതെങ്കിലും ഡിഗ്രി എന്നിവയാണ് യോഗ്യത.

വിജയകരമായി പൂർത്തിയാക്കിയ ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ്, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 'എ' ക്ലാസ് രജിസ്ട്രേഷൻ എന്നിവയും ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ/ ഹോമിയോപ്പതിക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസറായി 5 വർഷത്തെ പരിചയവും വേണം.

തിരുവനന്തപുരം1, കോഴിക്കോട്1 എന്നിങ്ങനെയാണ് ഒഴിവുകൾ.

മെഡിക്കൽ ഓഫീസർ തസ്തികയ്ക്ക് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ ഹോമിയോപ്പതി ഡിഗ്രി അഥവാ കേരളത്തിലെ സർവകലാശാലാകളോ കേരള ഗവൺമെന്റോ തത്തുല്യമായി അംഗീകരിച്ചതോ അഥവാ 1973ലെ ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്ടിലെ രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തത്തുല്യമായ മറ്റേതെങ്കിലും ഡിഗ്രി എന്നിവയാണ് യോഗ്യത.

വിജയകരമായി പൂർത്തിയാക്കിയ ഹൗസ് സർജൻസി/ ഇന്റേൺഷിപ്പ് എന്നിവയും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രാറുടെ 'എ' ക്ലാസ് രജിസ്ട്രേഷൻ എന്നിവയും അംഗീകൃത ഹോമിയോ ആശുപത്രിയിൽ ഹൗസ് ഫിസിഷ്യനായി ഒരു വർഷത്തെ പരിചയവും അഭികാമ്യം. തിരുവനന്തപുരം4, കോഴിക്കോട്4 എന്നിങ്ങനെയാണ് ഒഴിവുകൾ.

അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 42500 87000 (സീനിയർ മെഡിക്കൽ ഓഫീസർ), 39500 83000 (മെഡിക്കൽ ഓഫീസർ) ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും ആയിരിക്കണം.

അപേക്ഷകൾ പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം 695009 എന്ന വിലാസത്തിൽ ജൂൺ 20 നകം ലഭിക്കണം. ഇമെയിൽ: pcodhme@gmail.com.

# കലാലയങ്ങളിൽ മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

സ്കൂളുകളിലും കോളജുകളിലും ഹോസ്റ്റലുകളിലും മയക്കുമരുന്നിനെതിരെ കർശന ജാഗ്രത വേണമെന്ന് തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സിന്തറ്റിക് ലഹരി മരുന്നുകളുടെ ഉപയോഗം കേരളത്തിൽ വർദ്ധിക്കുകയാണ്. ഈ അപകടകരമായ സ്ഥിതി മുന്നിൽക്കണ്ടുകൊണ്ടുള്ള ജാഗ്രത സമൂഹം പുലർത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാന ലഹരി വർജന മിഷനായ വിമുക്തിയുടെ എക്സിക്യുട്ടീവ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സ്കൂളിനും കോളേജിനുമൊപ്പം ജാഗ്രതയോടെയുള്ള പ്രവർത്തനം ഹോസ്റ്റലുകളിലും നടത്തണമെന്ന് മന്ത്രി നിർദേശിച്ചു. കലാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ മയക്കുമരുന്ന് സംഘങ്ങളെക്കുറിച്ച് എക്സൈസിന് രഹസ്യവിവരം നൽകുന്ന സംവിധാനമാക്കി മാറ്റാനാകണം. പ്രായഭേദമില്ലാതെ മയക്കുമരുന്ന് സമൂഹത്തിൽ വ്യാപിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. സാമൂഹ്യ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾ താമസിക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ചും ബോധവത്കരണം ശക്തമാക്കണം. സംസ്ഥാനത്തെ എല്ലാ തദ്ദേശ വാർഡുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും മന്ത്രി നിർദേശിച്ചു. കായിക സാംസ്കാരിക മേഖലയിൽ കൃത്യമായ ലക്ഷ്യം വെച്ച് നടക്കുന്ന പദ്ധതികൾ വിപുലീകരിക്കും. നിലവിൽ നല്ല രീതിയിൽ നടക്കുന്ന സാംസ്കാരിക/ഗ്രന്ഥശാലാ സംഘങ്ങളുടെ ലഹരി വിരുദ്ധ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും യോഗം തീരുമാനിച്ചു.

ലഹരിയിൽ നിന്ന് മോചനം നേടുന്നതിനായുള്ള ഡീ അഡിക്ഷൻ സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി. അലോപ്പതിക്കൊപ്പം ആയുർവേദ ഹോമിയോ മേഖലകളും നൂതന ചികിത്സാ രീതികൾ മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് സംയോജിത ചികിത്സാ രീതി ഡീ അഡിക്ഷൻ കേന്ദ്രങ്ങളിൽ നടപ്പാക്കാനും എക്സിക്യുട്ടീവ് കമ്മിറ്റി തീരുമാനിച്ചു. പൊതുഭരണം നികുതിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ ഐ എ എസ്, എക്സൈസ് കമ്മീഷണർ എസ് ആനന്ദകൃഷ്ണൻ ഐപിഎസ്, വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

# ജനകീയാസൂത്രണ രജത ജൂബിലിക്ക് വിപുലമായ സമാപനം ഒരുക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കാൻ തീരുമാനിച്ചതായി തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. ഓഗസ്റ്റ് 17നാണ് ഒരു വർഷം നീണ്ട ആഘോഷപരിപാടികൾ സമാപിക്കുന്നത്. ഇതിനോട് അനുബന്ധിച്ച് വിപുലമായ സമാപന സമ്മേളനം തിരുവനന്തപുരത്ത് നടക്കും. ഓഗസ്റ്റ് 16, 17 തീയതികളിൽ അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും. വിവിധ വിഷയങ്ങളിൽ സിമ്പോസിയങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളിൽ അന്താരാഷ്ട്ര തലത്തിലെ വിദഗ്ധർ പങ്കെടുക്കും. ജനകീയാസൂത്രണം രജത ജൂബിലിയോട് അനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജൂൺ, ജൂലൈ മാസങ്ങളിൽ വിപുലമായ അനുബന്ധ പരിപാടികൾ സംഘടിപ്പിക്കും. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ആയിരം അനുഭവക്കുറിപ്പുകൾ പ്രസിദ്ധീകരിക്കും. ഇതിന് പുറമേ പഠന ഗ്രന്ഥങ്ങളുടെ ഒരു സീരീസ് കില പുറത്തിറക്കും. ഇതിന് പുറമേ ജനകീയാസൂത്രണ രജത ജൂബിലി സ്മരണയ്ക്കായി ആയിരം പച്ചത്തുരുത്തുകൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൃഷ്ടിക്കും. കേരള പുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ച ജനകീയാസൂത്രണത്തിന്റെ പ്രസക്തിയും സന്ദേശങ്ങളും പുതിയ തലമുറയെ പരിചയപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം വഹിക്കണമെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ നിർദേശിച്ചു. അധികാരത്തിന്റെ പ്രയോഗത്തിൽ ജനങ്ങളുടെ പങ്കാളിത്തവും മുൻകൈയും ഉറപ്പാക്കിയ ഉജ്ജ്വലമായ ചരിത്രമാണ് ജനകീയാസൂത്രണത്തിന്റേത്. ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതലസ്പർശിയാക്കിയ മുന്നേറ്റം ലോകത്തിന് മുന്നിൽ അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക തീർത്തു. നവകേരള സൃഷ്ടിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക്, ജനകീയാസൂത്രണത്തിന്റെ പാഠങ്ങൾ ദിശാബോധം നൽകുമെന്നും മന്ത്രി പറഞ്ഞു.

# സർവവിജ്ഞാനകോശം പുസ്തക പ്രദർശനം

കേരള സംസ്ഥാന സർവ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ജൂൺ ഏഴു വരെ ജവഹർ സഹകരണഭവനിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാനകോശം വാല്യങ്ങളുടെ പുസ്തക പ്രദർശനം സംഘടിപ്പിക്കുന്നു. വാല്യങ്ങൾക്ക് 50 ശതമാനം വരെ ഡിസ്ക്കൗണ്ട് നൽകും. ഇൻസ്റ്റിറ്റ്യൂട്ട് പുതുതായി പ്രസിദ്ധീകരിച്ചിട്ടുള്ള നിയമവിജ്ഞാനകോശം മുഖവിലയിൽ നിന്നും 30 ശതമാനം ഡിസ്ക്കൗണ്ടിലും ലഭിക്കും.




ലോകകേരള സഭ സംഘാടക സമിതി യോഗം നോർക്ക റെസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# ലോക പരിസ്ഥിതി ദിനത്തിൽ നാടാകെ നവകേരളം പച്ചത്തുരുത്തുകൾ

## സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ മുഴക്കുന്ന് പാലപ്പുഴ അയ്യപ്പൻകാവിൽ വൃക്ഷത്തൈ നട്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കും

ലോക പരിസ്ഥിതി ദിനത്തിൽ നാടാകെ നവകേരളം പച്ചത്തുരുത്തിന് തുടക്കമിട്ട് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ. കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ പാലപ്പുഴ അയ്യപ്പൻകാവിലെ 136 ഏക്കർ പ്രദേശത്ത് ജൂൺ 5 ന് വൈകുന്നേരം 4 മണിക്ക് വൃക്ഷത്തൈനട്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ പദ്ധതി വിശദീകരിക്കും. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നൂറോളം പച്ചത്തുരുത്തുകൾക്ക് നാളെ തുടക്കമാവും. 574 ഏക്കറിലായി നിലവിലുള്ള 1850ലധികം പച്ചത്തുരുത്തുകൾക്ക് പുറമേയാണിത്. തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. വെള്ളായണി കാർഷിക കോളേജിൽ അപൂർവ്വ സസ്യങ്ങളും ഔഷധ സസ്യങ്ങളും ഉൾപ്പെടുത്തി 5 സെന്റ് വീതമുള്ള രണ്ട് പച്ചത്തുരുത്തുകൾക്കും നാളെ തുടക്കമാവും. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യും.

കൊല്ലത്ത് കൊട്ടാരക്കര നഗരസഭയിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ, ഇടുക്കിയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ശാന്തിഗ്രാം ഗവൺമെന്റ് സ്കൂളിൽ ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ, മലപ്പുറത്ത് പുറത്തൂർ ഗ്രാമപഞ്ചായത്തിൽ കായിക മന്ത്രി വി. അബ്ദുറഹിമാൻ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ തുറമുഖ പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ, പത്തനംതിട്ട ഏഴംകുളം പഞ്ചായത്തിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കാസർഗോഡ് നഗരസഭയിൽ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ., കോട്ടയം നഗരസഭയിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., വയനാട് മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പി. സിദ്ദീഖ് എം.എൽ.എ., തൃശൂർ കാറളം പഞ്ചായത്ത് മൃഗാശുപത്രി വളപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ, പാലക്കാട് അനങ്ങനടി 8 ാം വാർഡിൽ പത്താംകുളത്ത് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, ആലപ്പുഴ ദേവികുളങ്ങരയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി, എറണാകുളം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഐ.ആർ.ടി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. പി.കെ. രവീന്ദ്രൻ എന്നിവരാണ് വൃക്ഷത്തൈ നട്ട് നവകേരളം പച്ചത്തുരുത്തുകൾക്ക് ജില്ലാതലങ്ങളിൽ തുടക്കം കുറിക്കുന്നത്.

പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും പരിസ്ഥിതി പുനസ്ഥാപനവും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പച്ചത്തുരുത്ത് വ്യാപന പദ്ധതിക്ക് തുടക്കമിടുന്നതെന്ന് നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അറിയിച്ചു.

# ലോക സൈക്കിൾ ദിനാചരണം; സൈക്കിൾ റാലി കായിക മന്ത്രി വി അബ്ദുറഹിമാൻ ഫ്ലാഗ് ഓഫ് ചെയ്തു

തിരുവനന്തപുരം: ആസാദി കാ അമൃത് മഹോൽസവത്തോടനുബന്ധിച്ച് കേന്ദ്ര യുവജനകാര്യകായിക മന്ത്രാലയത്തിന്റെയും നെഹ്റു യുവ കേന്ദ്രയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ലോക സൈക്കിൾ ദിനാചരണത്തിന്റെ സംസ്ഥനതല പരിപാടി തിരുവനന്തപുരത്തു സംസ്ഥാന കായിക മന്ത്രി ശ്രീ. വി അബ്ദുറഹിമാൻ ഉൽഘടനം ചെയ്തു.

കേരള സർവകലാശാല ആസ്ഥാനത്തു നിന്നും ആരംഭിച്ച സൈക്കിൾ റാലി മന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് അല്പദൂരം സൈക്കിൾ റാലിയിൽ മന്ത്രിയും അണിചേർന്നു. സൈക്കിൾ സവാരി ഒരു മികച്ച വ്യായാമമാണെന്നും ശാരീരികക്ഷമത കൈവരിക്കുന്നതിന് സൈക്കിൾ സവാരി ശീലമാക്കുന്നത് പ്രോൽസാഹിപ്പിക്കുമെന്നും ശ്രീ. അബ്ദുറഹിമാൻ പറഞ്ഞു. ആസാദി ക അമൃത് മഹോത്സവ പരിപാടിയുടെ ഭാഗമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി നടത്താൻ ആലോചിക്കുന്നതായും മന്ത്രി പറഞ്ഞു

സ്പോർട്സ് യുവജനകാര്യ ഡയറക്ടർ ശ്രീ എസ്. പ്രേം കൃഷ്ണൻ അദ്ധ്യക്ഷനായി. നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ ശ്രീ കെ. കുഞ്ഞഹമ്മദ്, കേരള സർവ്വകലാശാല നാഷണൽ സർവ്വീസ് സ്ക്കീം പ്രോഗ്രാം കോഡിനേറ്റർ ഡോ. എ. ഷാജി, നെഹ്റു യുവ കേന്ദ്ര ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ബി. അലി സാബ്രിൻ, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ആർ. സ്മിത സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ ചീഫ് കോച്ച് ശ്രീ. അനൂപ്. എസ്. നായർ തുടങ്ങിയവർ സംബന്ധിച്ചു

മ്യൂസിയം പരിസരത്തു സമാപിച്ച സൈക്കിൾ റാലിയിൽ ലക്ഷ്മിഭായ് നാഷണൽ കോളേജ് ഫോർ ഫിസിക്കൽ എജ്യൂക്കേഷൻ വിദ്യാർത്ഥികൾ, ജില്ലാ സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കഴക്കൂട്ടം ബ്രിഗേഡിയർ ക്ലബ്, കൈമനം സൈക്കിൾ ക്ലബ്, എ.ഡി.എം.എസ്, നെഹ്റു യുവ കേന്ദ്ര യൂത്ത് ക്ലബുകൾ തുടങ്ങി വിവിധ സംഘടനയുടെ അംഗങ്ങളും വ്യക്തികളുമടക്കം നൂറിൽപ്പരം പേർ പങ്കെടുത്തു. സൈക്കിൾ റാലിയിൽ പങ്കെടുത്തവർക്ക് നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ കെ കുഞ്ഞഹമ്മദ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

ആഗോളതാപനത്തിന്റെയും അനാരോഗ്യകരമായ ജീവിത ശൈലികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുകയും ജനകീയമാക്കുകയുമാണ് ലോക സൈക്കിൾ ദിനാചരണത്തിന്റെ ലക്ഷ്യം.

# ദുരന്ത സാധ്യതാ ലഘൂകരണം: രാജ്യാന്തര കൊളോക്കിയം സംഘടിപ്പിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ ദുരന്ത സാധ്യതാ ലഘൂകരണം സംബന്ധിച്ച് അന്താരാഷ്ട്ര കൊളോക്കിയം സംഘടിപ്പിച്ചു. ബാർട്ടൺഹിൽ എൻജിനീയറിങ് കോളജിലെ ട്രഡിഷണൽ റിസേർട്ട് ആൻഡ് പ്രൊഫഷണൽ ലീഡർഷിപ് സെന്ററും(ടി.പി.എൽ.സി.) ഐ.ഐ.ടി. ബോംബെ അശാങ്ക് ദേശായി സെന്റർ ഫോർ പോളിസി സ്റ്റഡീസും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു വെള്ളാർ ക്രാഫ്റ്റ് വില്ലേജിൽ സംഘടിപ്പിച്ച പരിപാടി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യു. ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു, ഐ.ഐ.ടി.എം. പ്രൊഫസർ ഡോ. കെ.പി. സുധീർ, അസാപ് സി.എം.ഡി. ഡോ. ഉഷ ടൈറ്റസ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസ്, അഷാങ്ക് ദേശായി സെന്റർ ഫോർ പോളിസി സ്റ്റഡീസിലെ പ്രൊഫസർ ഡോ. എൻ.സി. നാരായണൻ, ടി.പി.എൽ.സി. കോഓർഡിനേറ്റർ ഡോ. ആർ. സുജ, ഡോ. കെ. ബിന്ദുകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഭിന്നശേഷിക്കാർക്കു തൊഴിൽ പരിശീലനം

ഭിന്നശേഷിക്കാർക്കുള്ള ദേശീയ തൊഴിൽ സേവന കേന്ദ്രം ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി ഇലക്ട്രോണിക്, പ്രിന്റിംഗ് ആൻഡ് ഡി.റ്റി.പി, ആട്ടോമൊബൈൽ റിപ്പയറിംഗ്, വെൽഡിംഗ് ആൻഡ് ഫിറ്റിംഗ്, ഫാഷൻ ഡിസൈനിംഗ് ആൻഡ് എംബ്രോയിഡറി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സ്റ്റെനോഗ്രാഫി, വാച്ച് റിപ്പയറിംഗ് എന്നിവയിൽ ദീർഘ/ ഹ്രസ്വകാല പരിശീലനം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. 40 ശതമാനമോ അതിനു മുകളിലോ വൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് സൗജന്യമായി പ്രവേശനം നൽകും.

അടുത്ത മാസം മുതൽ പ്ലംബിംഗ്, കാർപെന്ററി എന്നീ രണ്ടു കോഴ്സുകൾ കൂടി ആരംഭിക്കുന്നു. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ടൈപ്പ്റൈറ്റിങ് കെ.ജി.റ്റി.ഇ (കേരള ഗവ. ടെക്നിക്കൽ എഡ്യൂക്കേഷൻ) നടത്തുന്ന ലോവർ/ ഹയർ പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം സെന്ററിൽ നടത്തുന്നുണ്ട്. വിശദവിവരങ്ങൾക്ക്: 0471250371.

# ട്രേഡ്സ്മാൻ (കാർപെന്ററി) ഒഴിവ്

ശ്രീകാര്യം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ (കാർപെന്ററി) തസ്തികയിലെ ഒരു ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഐ.ടി.ഐ കാർപെന്ററി/ മെക്കാനിക്കൽ എൻജിനിയറിങ് ഡിപ്ലോമ ആണ് യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 7ന് രാവിലെ 10ന് ശ്രീകാര്യം ചാവടിമുക്കിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ ഓഫീസിൽ അഭിമുഖത്തിനായി എത്തണം. വിശദവിവരങ്ങൾക്ക്: 0471 2590079, 9400006462.

# ദർഘാസ് ക്ഷണിച്ചു

2022 മേയ് മുതൽ ഒരു വർഷ കാലത്തേക്ക് പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ നിന്നും പരീക്ഷാ സാമഗ്രികൾ വിവിധ പരീക്ഷാകേന്ദ്രങ്ങളിലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും എത്തിക്കുന്നതിന് മീഡിയം മോട്ടോർ വെഹിക്കിൾ ഇനത്തിൽപ്പെട്ട വാഹന ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ഇടെൻഡർ ക്ഷണിച്ചു. ദർഘാസ് ഓൺലൈനായി സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 13നു വൈകിട്ട് മൂന്നുമണി. ദർഘാസ് ഓൺലൈനായി തുറക്കുന്ന തീയതി ജൂൺ 14നു വൈകിട്ട് 3.30. അടങ്കൽ തുകയും ദർഘാസ് ഫീസും നിരതദ്രവ്യവും സംബന്ധിച്ച വിവരങ്ങൾ ലലേിറലൃ.സലൃമഹമ.ഴീ.ശി ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712546825.

# ഡെപ്യൂട്ടി ചീഫ് ഫ്ളൈറ്റ് ഇൻസ്ട്രക്ടർ

തിരുവനന്തപുരം ചാക്കിയലെ രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ ഡെപ്യൂട്ടി ചീഫ് ഫ്ളൈറ്റ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവിൽ നിയമനം നടത്തുന്നു. കരാറിലാണ് നിയമനം. വിശദവിവരങ്ങൾക്ക്: rajivg and hiac ademy for aviation technology.or g.

# സാഹസിക പ്രവർത്തനങ്ങൾക്കു പുരസ്കാരം

സാഹസിക പ്രവർത്തനങ്ങളിലെ നേട്ടങ്ങൾക്കു കേന്ദ്ര കായിക യുവജനകാര്യ മന്ത്രാലയം നൽകുന്ന ടെൻസിങ് നോർഗെ നാഷണൽ അഡ്വഞ്ചർ പുരസ്കാരത്തിന് (ടി.എൻ.എൻ.എ.എ.) അപേക്ഷ ക്ഷണിച്ചു. കര, കടൽ, വ്യോമ മേഖലകളിലെ സാഹസിക പ്രവർത്തനങ്ങൾക്കു പ്രത്യേക പുരസ്കാരങ്ങൾ നൽകും. സാഹസികതയിലെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരവും നൽകുന്നുണ്ട്. http://awards.gov.in എന്ന പോർട്ടൽ വഴി ജൂൺ 16 വരെ നോമിനേഷനുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങളും ഈ വെബ്സൈറ്റിൽ ലഭിക്കും.

# കെഎസ് യുഎം ബയോടെക് സ്റ്റാർട്ടപ്പിന് യുഎസ് സ്ഥാപനത്തിൽ നിന്ന് നിക്ഷേപം

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ്പ് മിഷൻറെ (കെഎസ് യുഎം) ഇന്നൊവേഷൻ ആൻറ് എൻറർപ്രണർഷിപ്പ് ഡെവലപ്മെൻറ് സെൻറേഴ്സ് (ഐഇഡിസി) സ്കീമിൽ പ്രവർത്തിക്കുന്ന ബയോടെക് സ്റ്റാർട്ടപ്പിന് യുഎസ് കമ്പനിയിൽ നിന്ന് നിക്ഷേപം. യുഎസ്സിൽ ആൽഗൽ സീവീഡ് ടെക്നോളജി സൗകര്യം സ്ഥാപിക്കുന്നതിനായിട്ടാണ് ബയോടെക് സ്റ്റാർട്ടപ്പായ സാറ ബയോടെക് ട്രാൻസ്സെൻഡ് ഇൻറർനാഷണലിൽ നിന്ന് നിക്ഷേപം കരസ്ഥമാക്കിയത്. അതേസമയം നിക്ഷേപത്തുക എത്രയാണെന്ന വിവരം കമ്പനി പുറത്തുവിട്ടിട്ടില്ല.

'ബിലൈറ്റ്' എന്ന ബ്രാൻഡ് നാമത്തിൽ ഭക്ഷണപാനീയങ്ങളുടെ നിർമ്മാണ സൗകര്യം, ആൽഗൽകടൽ പായൽ സംസ്കരണ സൗകര്യം, യുഎസ്സിൽ ഫോട്ടോ ബയോ റിയാക്ടറുകൾക്കായുള്ള ഗവേഷണ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് സാറ ബയോടെക് തുക വിനിയോഗിക്കും. 2021 ൽ ഇതേ സാങ്കേതികവിദ്യയ്ക്കായി യുഎഇ ആസ്ഥാനമായുള്ള ടിസിഎൻ ഇൻറർനാഷണൽ കൊമേഴ്സിൽ നിന്ന് 10 മില്യൺ ഡോളർ നിക്ഷേപം സാറ ബയോടെക് നേടിയെടുത്തു. നിലവിൽ എഫ്എംസിജി ഉൽപ്പന്നങ്ങളുടെ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിനായി സാറ യുഎഇയിൽ പ്രവർത്തിക്കുകയാണ്. സാറ ബയോടെക്കിൻറെ വളർച്ച വിദ്യാർഥികൾക്കിടയിൽ സംരംഭകത്വ കഴിവുകൾ പരിപോഷിപ്പിക്കുന്നതിൽ കാമ്പസുകളിലെ ഐഇഡിസികളുടെ ഊർജ്ജസ്വലതയുടെ സാക്ഷ്യമാണെന്ന് സ്റ്റാർട്ടപ്പിൻറെ നേട്ടത്തെ അഭിനന്ദിച്ചുകൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ ജോൺ എം. തോമസ് പറഞ്ഞു. സാമൂഹിക പ്രസക്തിയുള്ള നൂതന ഉൽപ്പന്നങ്ങൾ വികസിപ്പിച്ചുകൊണ്ട് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്നതിനു പുറമേ സംരംഭകർക്ക് വിപുലമായ സാധ്യതയും സാങ്കേതിക വൈദഗ്ധ്യവും നേടാനും ഐഇഡിസികൾ സഹായിക്കുന്നു. സാറയുടെ നേട്ടം ഐഇഡിസികളിലെ പുതിയ സ്റ്റാർട്ടപ്പുകൾക്ക് പ്രചോദനമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിർമ്മാണത്തിലെയും ഗവേഷണവികസനങ്ങളിലെയും സമ്പൂർണ പ്രവർത്തനങ്ങൾ സാറ ബയോടെക് നിർവഹിക്കുമെന്നും മറ്റ് പ്രവർത്തനങ്ങൾ ട്രാൻസ്സെൻഡ് ഇൻറർനാഷണലുമായി ചേർന്ന് സാറ ബയോടെക് ഇൻറർനാഷണൽ കൈകാര്യം ചെയ്യുമെന്നും സാറ ബയോടെക് സ്ഥാപകനും സിഇഒയുമായ നജീബ് ബിൻ ഹനീഫ് പറഞ്ഞു. ആഗോളതലത്തിൽ സാറ ബയോടെക് ഇന്ത്യ ഒരു പേരൻറിംഗ് കമ്പനിയായി പ്രവർത്തിക്കുന്നതിനാൽ സാറ ബയോടെക് യുഎസ്എയുടെ എല്ലാ പ്രവർത്തനങ്ങളും യുഎസ്സിൽ മാത്രമായി പരിമിതപ്പെടുത്തും. നിലവിലെ എഫ്എംസിജി വിപണിയിൽ ആൽഗൽ കടൽപ്പായൽ ഉൽപന്നങ്ങൾ ഉപയോഗിച്ച് ബിസിനസ് വിപുലീകരിക്കുന്നതിനായി വിവിധ സ്ഥലങ്ങളിലെ വ്യത്യസ്ത പങ്കാളികളെ സാറ ബയോടെക് ബന്ധിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഉയർന്ന പ്രോട്ടീൻ ആൽഗ സ്പിരുലിന കുക്കികൾ ഉൾപ്പെടെ ഇന്ത്യയിലെ ആദ്യത്തെ ആൽഗ സീവീഡ് കുക്കികൾ സാറ നിർമ്മിച്ചതാണ്. തൃശ്ശൂരിലെ കൊടകരയിലെ സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ടെക്നോളജി കാമ്പസിൽ 2016 ൽ സ്ഥാപിതമായ ഈ സ്റ്റാർട്ടപ്പ് കെഎസ് യുഎമ്മിൻറെ ഐഇഡിസി പ്രോഗ്രാമിലൂടെ വളരുകയും ദുബായിലെ വേൾഡ് ട്രേഡ് സെൻററിൽ നടന്ന ജിടെക്സ് 2019 ൽ പങ്കെടുക്കുകയും ചെയ്തു. വിദ്യാർഥികൾക്കിടയിൽ സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കാമ്പസുകളിൽ ഐഇഡിസി എന്ന് വിളിക്കപ്പെടുന്ന 320 മിനി ഇൻകുബേറ്ററുകളുടെ ശൃംഖല കെഎസ് യുഎമ്മിനുണ്ട്. 2014 ൽ ആരംഭിച്ച ഐഇഡിസി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നവീകരണവും സംരംഭകത്വ സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതികസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ സംരംഭകത്വ വികസനത്തിനും ഇൻകുബേഷൻ പ്രവർത്തനങ്ങൾക്കുമായുള്ള കേരള സർക്കാരിൻറെ നോഡൽ ഏജൻസിയാണ് കെഎസ് യുഎം.

# കെപ്കോയുടെ കോഴ്സുകൾക്ക് അപേക്ഷിക്കാം

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ഒരു വർഷ കോഴ്സായ ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി, ആറ് മാസത്തെ കോഴ്സായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ് എന്നിവയിൽ അപേക്ഷ ക്ഷണിച്ചു.

ഡിപ്ലോമ ഇൻ മീറ്റ് ടെക്നോളജി കോഴ്സിന് പ്ലസ്ടു വിജയിച്ചിരിക്കണം. സർട്ടിഫിക്കറ്റ് ഇൻ പൗൾട്രി ഫാമിംഗ് കോഴ്സിന് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ഫീസ് ഇളവുണ്ട്.

ഫൈൻ കൂടാതെ ജൂലൈ 31 വരെ അപേക്ഷ നൽകാം. ഓൺലൈനായി അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9495000931, 9400608493.

# മഹാധമനി തകർന്ന ബിഹാറുകാരന് കരുതലുമായി സർക്കാർ

## ലക്ഷങ്ങൾ ചെലവ് വരുന്ന അതിസങ്കീർണ ശസ്ത്രക്രിയ സൗജന്യമായി നടത്തി

മഹാധമനി തകർന്ന ബിഹാർ സ്വദേശിയായ അതിഥിതൊഴിലാളിക്ക് കരുതലായി സംസ്ഥാന ആരോഗ്യ വകുപ്പ്. സാമ്പത്തികമായി സഹായിക്കാൻ ആരുമില്ലാതിരുന്ന ബിഹാർ സ്വദേശി മനോജ് ഷായെയാണ് (42) സ്വകാര്യ ആശുപത്രികളിൽ 25 ലക്ഷത്തോളം രൂപ ചെലവ് വരുന്ന അതിസങ്കീർണ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടത്തി ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നത്. നെഞ്ചിലേയും വയറിലേയും മഹാധമനി മാറ്റിവച്ച് കരൾ, ആമാശയം, വൃക്ക, സുഷുമ്ന നാഡി എന്നിങ്ങനെ പ്രധാന അവയവങ്ങളിലേക്ക് രക്തം എത്തിക്കാനുള്ള ശസ്ത്രക്രിയയാണ് നടത്തിയത്. അതിസങ്കീർണമായ ശസ്ത്രക്രിയയ്ക്കും തുടർ ചികിത്സയ്ക്കും ശേഷം മനോജ് ഷാ ആശുപത്രി വിട്ടു.

അതിസങ്കീർണ ശസ്ത്രക്രിയ വിജയകരമാക്കിയ കോട്ടയം മെഡിക്കൽ കോളേജ് ടീം അംഗങ്ങളേയും ചികിത്സാ പദ്ധതി ഏകോപിപ്പിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു. സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാറിനെ ഫോണിൽ വിളിച്ചാണ് മന്ത്രി അഭിനന്ദനം അറിയിച്ചത്. ഹൃദയ ശസ്ത്രക്രിയയും, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമെല്ലാം വിജയകരമായി നടത്തുന്ന കോട്ടയം മെഡിക്കൽ കോളേജ് അഭിമാനമാണെന്ന് മന്ത്രി പറഞ്ഞു.

മേയ് ഒന്നിനാണ് അതീവ ഗുരുതരാവസ്ഥയിൽ മനോജ് ഷായെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. ഡോ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള പരിശോധനയിൽ മഹാധമനി തകർന്നതായി കണ്ടെത്തി. അടിയന്തര സങ്കീർണ ശസ്ത്രക്രിയ നടത്തിയേ പറ്റൂ. അതിനുള്ള തയ്യാറെടുപ്പുകൾ നടത്തുമ്പോൾ നിറയെ വെല്ലുവിളികളായിരുന്നു മുന്നിൽ. അഥിതിതൊഴിലിനായി തന്റെയൊപ്പം വന്ന പ്രദീപ് എന്ന സഹോദരൻ മാത്രമാണ് കൂടെയുള്ളത്. അടിയന്തര ശസ്ത്രക്രിയയ്ക്കും, അതിനനുബന്ധമായ മറ്റ് സംവിധാനങ്ങൾക്കും വേണ്ട പണം സമാഹരിക്കുക പ്രദീപിനെ സംബന്ധിച്ച് അസാധ്യമായിരുന്നു. പ്രദീപ് തന്റെ നിസഹായാവസ്ഥ ഡോ. ജയകുമാറിനെ അറിയിച്ചു.

ആശുപത്രി ചെലവുകളെല്ലാം വഹിക്കാമെങ്കിലും ശസ്ത്രക്രിയയ്ക്കും അനുബന്ധ ചെലവുകൾക്കുമുള്ള പണം വെല്ലുവിളിയായി. അങ്ങനെയാണ് സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സഹായമൊരുക്കിയത്. കാസ്പിന്റെ പോർട്ടബിലിറ്റി സംവിധാനത്തിലൂടെയാണ് മനോജ് ഷായ്ക്ക് സൗജന്യ ചികിത്സയ്ക്ക് ശ്രമമാരംഭിച്ചത്. ബീഹാറിൽ നിന്നും രോഗിയുടെ ചികിത്സാ കാർഡ് ലഭ്യമാക്കണം. അതിനായി രോഗിയുടെ വിരലടയാളം നിർബന്ധമാണ്. ഐ.സി.യുവിൽ പ്രത്യേകം ക്രമീകരിച്ച ലാപ്ടോപ് ഉപയോഗിച്ചാണ് മെഡിക്കൽ കോളേജ് അധികൃതർ ഈ സാങ്കേതിക പ്രശ്നം മറികടന്നത്. അങ്ങനെ ബീഹാറിൽ നിന്ന് ദ്രുതഗതിയിൽ ചികിത്സാ കാർഡ് ലഭ്യമാക്കി മനോജ് ഷായ്ക്ക് സൗജന്യ ചികിത്സ ഉറപ്പാക്കി.

ഇത്രയും നൂലാമലകളുണ്ടായിട്ടും അതൊന്നും നോക്കാതെ അന്നുതന്നെ മനോജ് ഷായുടെ ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയ്ക്ക് ശേഷവും മനോജ് ഷായ്ക്ക് അസ്വസ്തത ഉണ്ടായതിനാൽ തുടർ ശസ്ത്രക്രിയയും ആവശ്യമായി വന്നു.

ഐസിയു നിരീക്ഷണത്തിനും തുടർചികിത്സയ്ക്കും ശേഷം മനോജ് ഷാ ആശുപത്രി വിട്ടു. സഹായിക്കാൻ ആരുമില്ലാതിരുന്നിട്ടും മറുനാട്ടിൽ തന്നെ സഹായിച്ച ഡോ. ജയകുമാറിനോടും സഹപ്രവർത്തകരോടും നിറകണ്ണുകളോടെ നന്ദി പറഞ്ഞ് മനോജ് ഷാ ആശുപത്രി വിട്ടു. ഇനി സ്വദേശത്തേയ്ക്ക് മടങ്ങണം. ഭാര്യേയയും മൂന്ന് കുഞ്ഞുമക്കളെയും എത്രയും വേഗം കാണാനുള്ള ശ്രമത്തിലാണ്.

# ഭക്ഷ്യവിഷബാധ: മന്ത്രി വീണാ ജോർജ് റിപ്പോർട്ട് തേടി

സ്കൂളുകളിലും അങ്കണവാടിയിലും ഭക്ഷ്യ വിഷബാധ ഉണ്ടായ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് റിപ്പോർട്ട് തേടി. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്കും വനിത ശിശുവികസന വകുപ്പ് ഡയറക്ടർക്കും മന്ത്രി നിർദേശം നൽകി. സ്കൂളുകളിലും അങ്കണവാടികളിലും ഭക്ഷണം ഉണ്ടാക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണമെന്നു മന്ത്രി പറഞ്ഞു. ശുചിത്വം കൃത്യമായി പാലിക്കണം. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇവർക്ക് പരിശീലനം നൽകുന്നതാണ്. ആഹാര സാധനങ്ങളും കുടിവെള്ളവും തുറന്ന് വയ്ക്കരുത്. അവബോധം ശക്തിപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി.



കൊട്ടാരക്കര ഉഗ്രൻകുന്നിൽ ആധുനിക ഗ്യാസ് പൊതുശ്മശാനത്തിന്റെ നിർമ്മാണ ഉദ്ഘാടനം ചന്തമുക്ക് മുൻസിപ്പൽ ഗ്രൗണ്ടിൽ മന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിക്കുന്നു

# ദി സിറ്റിസൺ ക്യാമ്പയിൻ ലോകത്തിന് മാതൃക; മന്ത്രി കെ. എൻ ബാലഗോപാൽ

കൊല്ലം ജില്ലയെ സമ്പൂർണ ഭരണഘടന സാക്ഷരത ജില്ലയാക്കി മാറ്റുന്നതിനായി നടപ്പിലാക്കുന്ന ദി സിറ്റിസൺ 2022 ക്യാമ്പയിൻ ലോകത്തിന് തന്നെ മാതൃകയാണെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ.

വെളിയം ഗ്രാമപഞ്ചത്തിന്റെ ദി സിറ്റിസൺ ക്യാമ്പയിൻ പഞ്ചായത്ത് തല ഉദ്ഘാടനം ഓടനാവട്ടം സാംസ്കാരിക നിലയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനയെ കുറിച്ചും ഭരണഘടന മൂല്യങ്ങളെ കുറിച്ചും പത്ത് വയസ്സിന് മുകളിലുള്ളവർക്ക് അറിവ് പകർന്നു നൽകുന്ന മാതൃകാപരമായ ആശയമാണിത്. ഓഗസ്റ്റ് 14 ന് അർദ്ധരാത്രിയിൽ കൊല്ലം ജില്ലയെ രാജ്യത്തേയും സംസ്ഥാനത്തേയും ആദ്യ സമ്പൂർണ്ണ ഭരണഘടന സാക്ഷരത നേടിയ ജില്ലയായി പ്രഖ്യാപിക്കുന്നതിനായി വിപുലമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും മന്ത്രി പറഞ്ഞു.

സംപുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്കായി ആഴ്ച്ചയിൽ രണ്ട് ദിവസം തേൻ നൽകുന്ന 'തേൻ കണം' പദ്ധതിയുടെ പഞ്ചായത്ത് തല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മുൻ ജനപ്രതിനിധികളെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയൽ ആദരിച്ചു. ഭരണഘടന ആമുഖത്തിന്റെ വിതരണം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബിനുൻ വാഹിദ് നിർവഹിച്ചു. പരിപാടിയോടനുബന്ധിച്ച് വെളിയം ഗ്രാമപഞ്ചായത്ത് കാര്യാലയം മുതൽ ഓടനാവട്ടം സാംസ്കാരിക നിലയം വരെ വർണാഭമായ വിളംബര ഘോഷയാത്ര സംഘടിപ്പിച്ചു.

ചടങ്ങിൽ വെളിയം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ .ബിനോജ് അദ്ധ്യക്ഷനായി. വൈസ് പ്രസിഡന്റ് കെ. രമണി, ജില്ലാ പഞ്ചായത്ത് അംഗം ജയശ്രീ വാസുദേവൻ പിള്ള, കൊട്ടാരക്കര ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സജിനി ഭദ്രൻ. ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷരായ എം. ബി. പ്രകാശ് , കെ. സോമശേഖൻ, ജാൻസി സിജു, ഗ്രാമപഞ്ചായത്ത് സെക്രട്ടറി സലിൽ എവുജിൻ. ബ്ലോക്ക്ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ , കുടുംബശ്രീ, തൊഴിലുറപ്പ്, ഹരിത കർമ്മ സേന അംഗങ്ങൾ രാഷ്ട്രീയകക്ഷി പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

ആധുനിക രീതിയിലുള്ള പൊതുശ്മശാനം നാടിന് അനിവാര്യം : മന്ത്രി കെ. എൻ ബാലഗോപാൽ

മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പൊതുശ്മശാനം നാടിന് അനിവാര്യമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ. കൊട്ടാരക്കര ഉഗ്രൻകുന്നിൽ നിർമ്മിക്കുന്ന ആധുനിക ഗ്യാസ് പൊതുശ്മശാനത്തിന്റെ നിർമ്മാണോദ്ഘാടനം ചന്തമുക്ക് മുനിസിപ്പൽ ഗ്രൗണ്ടിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.മൃതദേഹം സംസ്കരിക്കാൻ ബുദ്ധിമുട്ടുന്ന ദരിദ്ര ജനവിഭാഗത്തിന് ഇത് എറേ ആശ്വാസകരമാകുമെന്നും മന്ത്രി പറഞ്ഞു.

കൊട്ടാരക്കര നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 58 ലക്ഷം രൂപ ചെലവഴിച്ചാണ് പൊതുശ്മശാനം നിർമ്മിക്കുന്നത്. കൊട്ടാരക്കര നഗരസഭ ചെയർമാൻ എ. ഷാജു അദ്ധ്യക്ഷനായി, വൈസ് ചെയർപേഴ്സൺ അനിതാ ഗോപകുമാർ, മുൻ എം. എൽ. എ അഡ്വ. പി. ഐഷാ പോറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷരായ എസ്.ആർ രമേശ്, ഫൈസൽ ബഷീർ, ജി. സുഷമ, സുജ , കെ. ഉണ്ണികൃഷ്ണൻ മേനോൻ, നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ സാം ജോഷ്വാ, വാർഡ് കൗൺസിലർ ബി. ശ്രീരാജ്, നഗരസഭ സെക്രട്ടറി റ്റി. വി. പ്രദീപ്കുമാർ, നഗരസഭ കൗൺസിലർമാർ, രാഷ്ട്രീയ കക്ഷി പ്രവർത്തകർ, തുടങ്ങിയവർ പങ്കെടുത്തു

## കാപ്പാ നിയമ പ്രകാരം യുവാവ് അറസ്റ്റിൽ

നേമം: കാപ്പാ നിയമ പ്രകാരം യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു.നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ആൽത്തറ നഗർ അൽ അമീൻ മൻസിൽ അലീഫ് ഖാൻ (32) നെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്.അഞ്ച് തവണ കാപ്പാ നിമയ പ്രകാരം കരുതൽ തടങ്കല്ലിൽ കിടന്ന പ്രതിയാണ് അലീഫ് ഖാനെന്ന് പോലീസ് പറഞ്ഞു.

നേമം, തെന്മല, എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ, തമിഴ്നാട് തലയത്ത് പോലീസ് സ്റ്റേഷൻ, വിഴിഞ്ഞം പോലീസ് സ്റ്റേഷൻ എന്നീ പോലീസ് സ്റ്റേഷനുകളിലായി 30 ഓളം കേസുകളിൽ പ്രതിയാണ് അലീഫ് ഖാൻ.ഫോർട്ട് എസിപി ഷാജിക്ക് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ നേമം എസ്എച്ച്ഒ രഗീഷ് കുമാർ, എസ്ഐമാരായ വിപിൻ, പ്രസാദ്, രാജേഷ്, വിജയൻ, എഎസ്ഐ ശ്രീകുമാർ, എസ്സിപിഒ സുമ, സിപിഒമാരായ ബിനു, ഗിരി, ദീപക് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

# വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം: നോട്ടിഫിക്കേഷൻ ജൂലൈയിൽ

തിരുവനന്തപുരം : വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം ഒന്നാം റീച്ചിൻറെ 19(1) നോട്ടിഫിക്കേഷനും രണ്ടാം റീച്ചിൻറെയും പുനരധിവാസത്തിനായുള്ള കെട്ടിടം നിർമിക്കുന്ന സ്ഥലത്തിൻറെയും 11(1) നോട്ടിഫിക്കേഷനും ജൂലൈയിൽ പ്രസിദ്ധീകരിക്കും.

വി.കെ. പ്രശാന്ത് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിലാണ് ഇക്കാര്യത്തിൽ തീരുമാനമായത്. ശാസ്തമംഗലം മുതൽ മണ്ണറക്കോണം വരെയുള്ള ഒന്നാം റീച്ചിലെ സർവേ നടപടികൾ അവസാന ഘട്ടത്തിലാണ്. ചമയങ്ങളുടെ ലിസ്റ്റ് തയാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചു കഴിഞ്ഞു.

വികസനത്തിൻറെ ഭാഗമായി ഏറ്റെടുക്കുന്ന വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വിവര ശേഖരണം അന്തിമഘട്ടത്തിലാണ്. ഒഴിപ്പിക്കപ്പെടുന്ന വ്യാപര സ്ഥാപനങ്ങളുടെ പുനരധിവാസത്തിനായി നിർമിക്കുന്ന കെട്ടിടത്തിൻറെ പ്ലാൻ തയാറാക്കുന്നതിനായുള്ള താത്പര്യപത്രം ക്ഷണിക്കാൻ തീരുമാനിച്ചു.ജംഗ്ഷൻ വികസനവും അനുബന്ധ റോഡുകളുടെ വികസനവും കെആർഎഫ്ബിയാണ് നിർവഹിക്കുന്നതെന്ന് എംഎൽഎ പറഞ്ഞു. 341.79 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലും നിർമാണ പ്രവൃത്തികളും ഈ വർഷം അവസാനത്തോടുകൂടി ആരംഭിക്കാനാകുമെന്ന് എംഎൽഎ അറിയിച്ചു.

അവലോകന യോഗത്തിൽ ട്രിഡ സെക്രട്ടറി എൽ.എസ്. ദീപ, കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനിയർ ജീജാ ഭായി തുടങ്ങിയവർ പങ്കെടുത്തു.

# പീഡനപരാതിയിൽ പോലീസ് മൊഴിയെടുക്കാൻ എത്തിയതിനു പിന്നാലെ പെൺകുട്ടി ജീവനൊടുക്കി

ഇരിട്ടി: പീഡനപരാതിയിൽ പോലീസ് മൊഴിയെടുക്കാൻ എത്തിയതിനു പിന്നാലെ പെൺകുട്ടി ജീവനൊടുക്കി. ആറളം ഫാം പുനരധിവാസ മേഖലയിലെ ഏഴാം ബ്ലോക്കിൽപ്പെട്ട തങ്കയുടെ മകൾ മിനി (17)യാണ് മരിച്ചത്. വെള്ളിയാഴ്ച വൈകുന്നേരം വീടിനുള്ളിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു. ആറളം ഫാം സ്കൂളിൽനിന്ന് എസ്എസ്എൽസി പരീക്ഷയെഴുതി ഫലം കാത്തിരിക്കുകയായിരുന്നു. വീടിനടുത്തുള്ള ബന്ധുവും രണ്ടു മക്കളുടെ അച്ഛനുമായ ഒരാളുമായി സ്നേഹത്തിലാണെന്ന് സ്കൂളിൽ നടന്ന കൗൺസലിംഗിൽ പെൺകുട്ടി പറഞ്ഞിരുന്നു.

ഇയാൾ വീട്ടിൽ വരാറുണ്ടെന്നും പറഞ്ഞിരുന്നു. ഇക്കാര്യം ചൈൽഡ് ലൈനിൽ പരാതിയായി എത്തുകയും കുട്ടിയുടെ വീട്ടിലെത്തി മൊഴിയെടുക്കാൻ ചൈൽഡ് ലൈൻ ആറളം പോലീസിന് നിർദേശം നൽകുകയും ചെയ്തു. ഇതിൻറെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച രാവിലെ വനിതാ പോലീസ് കുട്ടിയുടെ വീട്ടിലെത്തി മൊഴിയെടുത്തു. തന്നെ ആരും പീഡിപ്പിച്ചിട്ടില്ലെന്നും ഒരു പരാതിയും ഇല്ലെന്നുമുള്ള മൊഴിയാണ് പെൺകുട്ടി നൽകിയതെന്ന് ആറളം എസ്ഐ പ്രസാദ് പറഞ്ഞു. പിന്നീട് വൈകുന്നേരം അഞ്ചോടെ പെൺകുട്ടിയെ വീടിനുള്ളിൽ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു

## എക്സൈസ് സംവിധാനം കാര്യക്ഷമമാക്കാൻ മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം

അഴിമതി മുക്തവും കാര്യക്ഷമവുമായ എക്സൈസ് സംവിധാനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ജൂൺ 6, 7, 8 തീയതികളിലാണ് മൂന്ന് മേഖലകളിലായി എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം. മൂന്ന് യോഗത്തിലും മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും സംബന്ധിക്കും. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള മുഴുവൻ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ജൂൺ ആറിന് വൈകിട്ട് മൂന്നിന് കോഴിക്കോട് നടക്കുന്ന യോഗത്തിൽ മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കും. ഏഴിന് എറണാകുളത്ത് ചേരുന്ന യോഗത്തിൽ പാലക്കാട്, തൃശൂർ, എറണാകുളം, ഇടുക്കി ജില്ലയിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും. സൗത്ത് സോൺ യോഗം എട്ടിന് തിരുവനന്തപുരത്തും നടക്കും. ജോയിന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ തലങ്ങളിലുള്ള ഉദ്യോഗസ്ഥരാണ് യോഗത്തിൽ പങ്കെടുക്കുക. മയക്കുമരുന്ന് വ്യാപനം ഉൾപ്പെടെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എക്സൈസ് സേനയെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഭൂരിപക്ഷവും മികച്ച പ്രകടനം കാഴ്ച വെക്കുമ്പോളും, ചുരുക്കം ചില അഴിമതിക്കാർ ഇപ്പോളും സേനയിലുണ്ട്. അഴിമതി തുടച്ചുനീക്കാനുള്ള നടപടികളുമായാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. മയക്കുമരുന്ന്/ലഹരി മാഫിയയ്ക്ക് എതിരെയുള്ള എൻഫോഴ്സ്മന്റ് പ്രവർത്തനം ശക്തിപ്പെടുത്താൻ സേനയെ സജ്ജമാക്കുകയാണ് യോഗത്തിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

## മിൽമയുടെ വളർച്ചയിൽ പ്രയാറിൻറെ പങ്ക് നിസ്തുലം: കെ. എസ്. മണി

തിരുവനന്തപുരം: കേരളത്തിലെ ഏറ്റവും വലിയ സഹകരണ സ്ഥാപനമായ മിൽമയെ സംസ്ഥാനത്തിൻറെ അഭിമാന സ്ഥാപനമായി വളർത്തിയെടുത്തതിനു പിന്നിൽ പ്രയാർ ഗോപാലകൃഷ്ണൻറെ പങ്ക് നിസ്തുലമാണെന്ന് മിൽമ ചെയർമാൻ കെഎസ് മണി അനുസ്മരിച്ചു. ദീർഘകാലം മിൽമയുടെ ചെയർമാനായിരുന്ന പ്രയാർ ഗോപാലകൃഷ്ണൻറെ നിര്യാണം സഹകരണ പ്രസ്ഥാനത്തിന് തീരാ നഷ്ടമാണ്. ക്ഷീര മേഖലയുമായി ചെറുപ്പം മുതൽക്ക് ബന്ധമുള്ളയാളായിരുന്നു പ്രയാർ. വളർന്നപ്പോൾ ക്ഷീര മേഖലയായി അദ്ദേഹത്തിൻറെ കർമ്മമണ്ഡലം. ക്ഷീര മേഖലയിലെ ഈ പ്രവർത്തന പരിചയം മിൽമയുടെ വളർച്ചയിൽ അദ്ദേഹം പ്രയോജനപ്പെടുത്തി. 1986 മുതൽ 1999 വരെ അഞ്ചുതവണ മിൽമ ചെയർമാനായിരുന്ന അദ്ദേഹത്തിൻറെ മഹത്തായ സേവനത്തെ ഈ അവസരത്തിൽ സ്മരിക്കുന്നു. ഇന്ന് 3500 ൽ പരം ക്ഷീര സഹകരണ സംഘങ്ങളും 10 ലക്ഷത്തിലേറെ ക്ഷീര കർഷകരുമുള്ള കേരളത്തിലെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനമാക്കി മിൽമയെ വളർത്തിയെടുത്തതിനു പിന്നിൽ പ്രയാറിൻറെ ആത്മാർഥമായ പ്രവർത്തനവും ദീർഘവീക്ഷണവുമുണ്ട്. മിൽമയ്ക്കും കേരളത്തിൻറെ രാഷ്ട്രീയ, സാമൂഹ്യ മണ്ഡലങ്ങളിൽ പ്രയാറിൻറെ നിര്യാണം വലിയ നഷ്ടമാണുണ്ടാക്കുന്നതെന്നും വ്യക്തിപരമായി അടുത്ത സുഹൃത്തിനെയാണ് നഷ്ടമായതെന്നും കെ.എസ് മണി അനുസ്മരിച്ചു.

# റൂറൽ ഇന്ത്യ ബിസിനസ് ഉച്ചകോടി ജൂൺ 11ന്; രാജ്യത്തെ സ്റ്റാർട്ടപ്പ് രംഗത്തെ അതികായർ പങ്കെടുക്കും

തിരുവനന്തപുരം: കേരള സ്റ്റാർട്ടപ് മിഷനും സി.പി.സി.ആർ.ഐ കാസർകോടും സംയുക്തമായി സംഘടിപ്പിക്കുന്ന റൂറൽ ഇന്ത്യ ബിസിനസ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത് അന്തർദേശീയ പ്രശസ്തി നേടിയ 12 പ്രഭാഷകരാണ്. ജൂൺ 11, 12 തിയതികളിൽ കാസർകോഡ് സി.പി.സി.ആർ.ഐയിലാണ് ഉച്ചകോടി.

സാമൂഹികമായി സ്വാധീനം ചെലുത്തുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കേരളത്തിൽ നിന്നുള്ള അഞ്ച് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകാൻ ബംഗളുരു ആസ്ഥാനമായുള്ള ഇൻകുബേറ്ററായ സോഷ്യൽ ആൽഫ നടത്തുന്ന പിച്ചിംഗും ഉച്ചകോടിയിൽ ഉണ്ടാകും.

ഫ്രഷ് ടു ഹോമിൻറെ സഹസ്ഥാപകൻ മാത്യൂ ജോസഫ്, ആഗോള അംഗീകാരം നേടിയ ഉത്തരവാദിത്ത ടൂറിസത്തിൻറെ സംസ്ഥാന കോഓർഡിനേറ്റർ കെ രൂപേഷ് കുമാർ, എയ്ഞ്ജൽ നിക്ഷേപകൻ നാഗരാജ പ്രകാശം, ഐസിഎആർസിപിസിആർഐ ഡയറക്ടർ ഡോ. അനിത കരുൺ, എൻട്രി ആപ് സഹസ്ഥാപകൻ മുഹമ്മദ് ഹിസാമുദ്ദീൻ, ടിസിഎസ് റാപിഡ് ലാബിൻറെ മേധാവി റോബിൻ ടോമി, വൃദ്ധി സിടിഎസിൻറെ മാനേജിംഗ് പാർട്ണർ അജയൻ കെ അനാത്ത്, സിദ്ദ്സ് ഫാമിൻറെ സഹസ്ഥാപകൻ കിഷോർ ഇന്ദുകൂരി, ഹാപ്പി ഹെൻസിൻറെ സ്ഥാപകൻ മഞ്ജുനാഥ് മാരപ്പൻ, ഐസിഎആർ ശാസ്ത്രജ്ഞരായ ഡോ. കെ ശ്രീനിവാസ്, ഡോ. സുധ മൈസൂർ, ഇസാഫ് റിടെയിലിൻറെ ഡയറക്ടർ തോമസ് കെ ടി എന്നിവരാണ് രണ്ട് ദിവസത്തെ ഉച്ചകോടിയെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നത്.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെയും വിദഗ്ദ്ധരുടെയും സ്റ്റാർട്ടപ് സ്ഥാപകരുടെയും പങ്കാളിത്തം കൊണ്ട് 2020ൽ നടന്ന ആദ്യ ലക്കം ശ്രദ്ധേയമായിരുന്നു. ഈ വർഷം ഇന്ത്യയിലെ പ്രമുഖ നിക്ഷേപകരായ സോഷ്യൽ ആൽഫ, സ്റ്റാർട്ടപ് ഇന്ത്യ, സെൻട്രൽ യൂണിവേഴ്സിറ്റി, എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ്, കേരള കാർഷിക കോളേജ് തുടങ്ങി ജില്ലയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ പിന്തുണയോടെ വിപുലമായ രീതിയിലാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

ഗ്രാമീണ ഇന്ത്യയുടെ വളർച്ചയ്ക്കു സാങ്കേതികത എങ്ങനെ പ്രയോജനപ്പെടുത്താം എന്നതാണ് രണ്ടാം ലക്കത്തിൻറെ പ്രമേയം. ഇന്ത്യയിലെ പ്രമുഖ സ്റ്റാർട്ടപ് സംരംഭങ്ങളുടെ സ്ഥാപകരുടെ പങ്കാളിത്തം, കാർഷികഭക്ഷ്യോത്പാദന മേഖലകളിലെ സാങ്കേതിക വളർച്ചയും സാധ്യതകളും വിശദീകരിക്കുന്ന സെഷനുകൾ, ഗ്രാമീണ ഇന്ത്യയുടെ സാദ്ധ്യതകളെക്കുറിച്ചുള്ള പാനൽ ചർച്ചകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രമുൾപ്പടെ കേന്ദ്രസംസ്ഥാന സർക്കാരിൻറെ കീഴിൽ ഉള്ള സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത വിപണിസാധ്യതയുള്ള സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തൽ തുടങ്ങിയവ ഉച്ചകോടിയിൽ നടക്കും.

കോൺക്ലേവിൻറെ ഭാഗമായി നടക്കുന്ന റൂറൽഅഗ്രിടെക് ഹാക്കത്തോൺ ആണ് പരിപാടിയുടെ മറ്റൊരു പ്രധാനപ്പെട്ട ആകർഷണം. കാർഷിക മേഖലകൾക്കു ആവശ്യമായ സാങ്കേതിക പരിഹാരങ്ങളും, ഗ്രാമീണ ഇന്ത്യയുടെ ടൂറിസം സാധ്യതകൾ പരിപോഷിപ്പിക്കാൻ ആവശ്യമായ സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടിയുള്ള ഹാക്കത്തോണിൽ പങ്കെടുക്കാൻ 100 ഇൽ അധികം ടീമുകൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഉച്ചകോടിയിലും ഹാക്കത്തോണിലും പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് വദ്ധേ:// startupmission.in/ rural_business_conclave/ എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

## ട്രിമ 2022: ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിക്കുന്ന വാർഷിക മാനേജ്മെൻറ് കൺവെൻഷൻ 'ട്രിമ 2022' ലേക്ക് ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. ജൂൺ 10 വെള്ളിയാഴ്ച ഹോട്ടൽ ഒ ബൈ താമരയിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ദ്വിദിന പരിപാടി ഉദ്ഘാടനം ചെയ്യും.

'വിഷൻ ട്രിവാൻഡ്രം 2025' എന്ന പ്രമേയത്തിൽ നടക്കുന്ന കൺവെൻഷനിലേക്ക് സർക്കാർസ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും താൽപര്യമുള്ള വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും രജിസ്റ്റർ ചെയ്യാം.

രജിസ്റ്റർ ചെയ്യാൻ 9447714672 /7907933518 നമ്പറുകളിൽ ബന്ധപ്പെടുക.

വ്യാവസായിക നേതാക്കൾ, നയകർത്താക്കൾ, പ്രൊഫഷണലുകൾ, ബിസിനസുകാർ തുടങ്ങിയവർ ഉൾപ്പെടെ ഇരുന്നൂറിലധികം പ്രതിനിധികൾ ദ്വിദിന കൺവെൻഷനിൽ പങ്കെടുക്കും. മാനേജ്മെൻറ് വിദഗ്ധരുടെ മുഖ്യ പ്രഭാഷണങ്ങൾ, നാല് ടെക്നിക്കൽ സെഷനുകൾ, അവതരണങ്ങൾ, പാനൽ ചർച്ചകൾ, പുരസ്കാര വിതരണം എന്നിവയ്ക്കും ട്രിമ 2022 വേദിയാകും. പ്രമേയാധിഷ്ഠിത സെഷനുകൾക്ക് നേതൃത്വം നൽകുന്ന പ്രമുഖ വ്യക്തികൾ തങ്ങളുടെ അനുഭവങ്ങളും കേരളത്തിൽ അവലംബിക്കാവുന്ന മികച്ച മാതൃകകളും പങ്കുവയ്ക്കും. ന്യൂഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ അംഗീകാരമുള്ള പ്രമുഖ മാനേജ്മെൻറ് അസോസിയേഷനാണ് ടിഎംഎ.

# എംഡിഎംഎയും കഞ്ചാവുമായി ഗുണ്ടാസംഘം അറസ്റ്റിൽ



തിരുവനന്തപുരം : നഗരത്തിലെ കലാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിതരണം നടത്തുന്ന ഗുണ്ടാസംഘത്തിൽപ്പെട്ട ആറുപേരെ എംഡിഎംഎയും കഞ്ചാവുമായി പോലീസ് അറസ്റ്റ് ചെയ്തു. ഓപ്പറേഷൻ കാവലുമായി ബന്ധപ്പെട്ട് നടന്ന പരിശോധനയിലാണ് പ്രതികളെ വലിയതുറ പോലീസ് അറസ്റ്റ് ചെയ്തത്.

വലിയതുറ ഡൊമസ്റ്റിക് എയർപോർട്ടിന് സമീപം ടൂറിസ്റ്റ് ഹോമിൽ നിന്നുമാണ് കടകംപള്ളി ചെറു വെട്ടുകാട് അനുഭവനിൽ ജോൺ ബാപ്റ്റിസ (22), മുട്ടത്തറ ഡോൺ ബോസ്കോ ലൈനിൽ സ്റ്റെഫാൻ (21), ഡൊമസ്റ്റിക് എയർ പോർട്ടിന് സമീപം ലിസി റോഡ് സ്വദേശി സൂരജ് (19), കൊച്ചുതോപ്പ് സ്വദേശി ഇഗ്നേഷ്യസ് (എബി22), പേട്ട ജൂസാ റോഡ് സ്വദേശി ഫെബിൻ (19), വലിയതുറ വിശ്വഭാരതി റോഡ് സ്വദേശി രോഹിത്ത് സ്റ്റീഫൻ (20) എന്നിവരാണ് പോലീസ് പിടിയിലായത്.

നഗരത്തിലെ കലാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പന നടത്തുന്ന സംഘത്തിൽപ്പെട്ട ഇവർ വിവിധ കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനാണ് സംഘടിച്ചതെന്ന് പോലീസ് പറഞ്ഞു.

പ്രതികളിൽ നിന്ന് 3.3 ഗ്രാം എംഡിഎംഎ പാക്കറ്റുകളും , കഞ്ചാവും പോലീസ് കണ്ടെടുത്തു. അറസ്റ്റിലായ ജോൺ ബാപ്റ്റിസ ബോംബേറ് കേസിലും അടിപിടി കേസിലും പ്രതിയാണ്, സ്റ്റൊഫാൻ, സൂരജ് എന്നിവർ വലിയതുറ പോലീസ് സ്റ്റേഷൻ ജീപ്പ് ആക്രമിച്ച കേസിലെയും , അടിപിടി കേസിലെയും , ആയുധം കാട്ടി ഭീഷണിപ്പെടുത്തിയ കേസിലും, സ്കൂളുകൾ കേന്ദ്രികരിച്ച മയക്കുമരുന്ന് വിൽപ്പന കേസിലും പ്രതികളാണ്.

ഇഗ്നേഷ്യസ് നിരവധി അടിപിടിക്കേസിലെയും സ്ത്രീകളെ ആക്രമിച്ച കേസിലും പ്രതിയാണ്.ബംഗളൂരുവിൽ നിന്ന് മയക്കുമരുന്നുകൾ കടത്തി നഗരത്തിൽ എത്തിച്ച് വിൽപ്പന നടത്തുന്നതാണ് ഇവരുടെ രീതി. പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും നഗരത്തിലെ മറ്റു മയക്കുമരുന്നു കണ്ണികളെ കുറിച്ച് വിവരം ലഭിച്ചതായും ഇത് സംബന്ധിച്ചു കൂടുതൽ അന്വേഷണം നടത്തുമെന്നും കമ്മീഷണർ അറിയിച്ചു. ശംഖുമുഖം ഏസിപി ഡി.കെ പൃഥ്വിരാജിൻറെ നേതൃത്വത്തിൽ വലിയതുറ എസ്എച്ച്ഓ. സതികുമാർ, എസ്ഐമാരായ അഭിലാഷ് മോഹൻ, അലീന സൈറസ്, സാബു, സിപിഓമാരായ ഷാബു, അരുൺ പ്രശോഭ്, അനീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.